കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ എം.എൽ.എ. റോഡുകൾ

117 [130] ശ്രീ. എം.എം. ഹസ്സൻ: താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ എം.എൽ.എ. റോഡുകളുടെ പണി എവിടംവരെയായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ ഒരു എം.എൽ.എ. റോഡായ തോന്നയ്ക്കൽ കല്ലൂർ–മഞ്ഞമല–കഴക്കൂട്ടം റോഡിന്റെ പണി പുരോഗമിച്ചുവരികയാണ്. രണ്ടാമത്തെ എം.എൽ.എ. റോഡായി ശുപാർശ ചെയ്തിരുന്ന ആറാട്ടുവഴി–വിളയിൽകുളം റോഡ് പി.ഡബ്ലിയു.ഡി. ഏറെടുക്കുന്നതിനുള്ള അംഗീകൃത ചട്ടങ്ങൾ പൂർത്തീകരിക്കപ്പെടാത്തതിനാൽ മറ്റൊരു റോഡ് നിർദ്ദേശിക്കുവാൻ ഗവൺമെന്റ് താത്പര്യപ്പെട്ട പ്രകാരം ''നരിക്കൽ–പുല്ലാനിവിള റോഡും മൂഴിനടപ്പാലത്തിന്റെ നിർമ്മാണവും'' ബഹുമാനപ്പെട്ട മെമ്പർ നിർദ്ദേശിക്കുകയുണ്ടായി. അതനുസരിച്ച് പ്രസ്തുത റോഡും പാലവും ഏറെടുക്കാനുള്ള നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. നടപടികൾ പൂർത്തിയായിട്ടില്ല.

അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ എം.എൽ.എ. റോഡുകൾ

118 [131] ശ്രീ. വി. ദിനകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ എം.എൽ.എ. റോഡുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഭരണാനുമതി ലഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ;

(ഡി) ഈ റോഡുകളുടെ എസ്റ്റിമേറ്റ് തുക എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അമ്പലപ്പുഴ–കഞ്ഞിപ്പാടം റോഡും അമ്പലപ്പുഴ-കളർകോട് റോഡുമാണ് അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ എം.എൽ.എ. റോഡുകൾ.

(ബി) അമ്പലപ്പുഴ-കഞ്ഞിപ്പാടം റോഡിന് മാത്രം ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) അമ്പലപ്പുഴ-കളർകോട് റോഡിന് പകരം കരുവാറ്റ-നെടുമുടി റോഡിന്റെ ഭാഗമായ എ.സി. റോഡ് മുതൽ പരുത്തിക്കുളംവരെയുള്ള റോഡ് ഉൾപ്പെടുത്തണമെന്ന ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശം പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly